ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധം A ആയി ചേർത്തിരിക്കുന്നു.*

(സി) വെല്ലിംഗ്ടൺ ഐലന്റിന്റെ വികസനം, മുളവുകാട് പഞ്ചായത്ത് ടൂറിസം വികസനം, മ്യൂസിയംസ് ഹെറിറ്റേജ് പദ്ധതി, കൊച്ചിൻ മറീന, നെടുമ്പാശ്ശേരി ഗോൾഫ്, കോഴ്സ് എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) അനുബന്ധം B ആയി ചേർത്തിരിക്കുന്നു*.

(എഫ്) നബാർഡിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ച പദ്ധതികളുടെ നിലവിലുള്ള അവസ്ഥ അനുബന്ധം B -യിൽ കാണിച്ചിട്ടുണ്ട്. കേന്ദ്ര സഹായം ലഭിച്ച പദ്ധതികളിൽ പൂർത്തിയായ പദ്ധതികളുടേത് അനുബന്ധം ആയി നൽകിയിരിക്കുന്നു.

ബീച്ച് ടൂറിസം പദ്ധതി

94(302) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റ് നിലവിൽ വന്നതിന് ശേഷം എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് ;

(ബി) ബീച്ച് ടൂറിസം പദ്ധതി സംസ്ഥാനത്ത് എത്ര കേന്ദ്രങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട് ;

(സി) പുതുതായി എത്ര കേന്ദ്രങ്ങളിൽ ഈ പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ഡി) കണ്ണൂർ ജില്ലയിൽ എവിടെയെല്ലാമാണ് ബീച്ച് ടൂറിസം പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത് ;

(ഇ) ഇതിന്റെ പ്രവർത്തന പുരോഗതി അറിയിക്കുമോ ?

ഉത്തരം

(എ) അടിസ്ഥാന സൗകര്യ വികസനത്തിൽകൂടുതൽ ശ്രദ്ധപതിപ്പിച്ചും തിരഞ്ഞെടുത്ത ഡെസ്റ്റിനേഷനുകളിൽ പുതിയ പദ്ധതികൾക്ക് തുടക്കമിട്ടും, നൂതന ടൂറിസം വികസന പ്രവർത്തനങ്ങൾ ആവിഷ്കരിച്ചും ബഹുമുഖ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ഇതനുസരിച്ച് സംസ്ഥാനം സന്ദർശിക്കുന്ന ടൂറിസ്റ്റുകളുടെ എണ്ണത്തിലും വരുമാനത്തിലും ക്രമാനുഗതമായ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധനവ് ഉണ്ടാകുന്നുണ്ട്.സംസ്ഥാനത്തെ ഓരോ ജില്ലയിലേയും ടൂറിസം കേന്ദ്രങ്ങളുടേയും അതാതിടങ്ങളിലെ ടൂറിസം സാദ്ധ്യതകളെക്കുറിച്ചും പ്രത്യേകം പ്രത്യേകം സർവ്വേകളും പഠനങ്ങളും നടത്തിയും നിലവിലുള്ള കേന്ദ്രങ്ങളിൽ എത്തുന്ന സഞ്ചാരികളെ കുറിച്ചുള്ള പഠനങ്ങളിലൂടെയും ടൂറിസം മേഖലയുടെ വികസനത്തിനുള്ള നിരവധി പരിപാടികളാണ് ആവിഷ്കരിച്ചിരിക്കുന്നത്. കഴിയുന്നത്ര കേന്ദ്ര സഹായം നേടിയെടുക്കുന്നതിനും അത് ടൂറിസം കേന്ദ്രങ്ങളുടെ വികസനം, ഉത്സവങ്ങളുടെയും മേളങ്ങളുടെയും നടത്തിപ്പ്, ഗ്രാമീണ ടൂറിസം വികസനം, പൈതൃക സംരക്ഷണം എന്നിവയ്ക്കായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിപണന രംഗത്ത് നൂതന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. ടൂറിസം വ്യവസായത്തെ ലക്ഷ്യമാക്കിക്കൊണ്ട് വിവരസാങ്കേതിക വിദ്യ ഫലപ്രദമായി ഉപയോഗിച്ചു കൊണ്ടുള്ള പദ്ധതികളും വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും മുടങ്ങിയ പദ്ധതികൾ പുനരാരംഭിക്കുന്നതിനും വകുപ്പ് മുന്തിയ പരിഗണന നൽകി വരുന്നു. ടൂറിസ്റ്റുകൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം നൽകുന്നതിന്റെ ഭാഗമായി വകുപ്പിന്റെ കീഴിലുള്ള ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു. കൂടാതെ വിനോദ സഞ്ചാരികൾക്ക് താമസ സൗകര്യം നേരത്തെ നിശ്ചയിക്കുന്നതിനായി ഓൺ ലൈൻ ഹോട്ടൽ ഫൈൻഡർ, ഓൺ ലൈൻ റൂം റിസർവേഷൻ, ഓൺ ലൈൻ ബ്രോഷർ ഡൗൺലോഡ് എന്നീ പദ്ധതികളും തുടങ്ങിയിട്ടുണ്ട്. ഇതു കൂടാതെ:

1. ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകളുടെ രൂപീകരണം
2. കൊടുങ്ങല്ലൂർ ആസ്ഥാനമാക്കി മുസിരിസ് പൈതൃക സംരക്ഷണ പദ്ധതി
3. ഫാം ടൂറിസത്തിന്റെ സാദ്ധ്യതകൾ വിനിയോഗിക്കുന്നതിനുള്ള ഗ്രീൻഫാം ടൂറിസം പദ്ധതി
4. മാനവശേഷി വികസനത്തിനായുള്ള ലെറ്റസ് ലേൺ ട്രെയിനിംഗ് പ്രോഗ്രാം
5. പാതിരാമണൽ ബയോ പാർക്ക് വികസനം
6. സപര്യാ പദ്ധതി
7. തലശ്ശേരി കേന്ദ്രമായി പൈതൃക സംരക്ഷണ പദ്ധതി
8. മൂന്നാർ ടൗൺഷിപ്പ്
9. ആലപ്പുഴയിലേയും വയനാട്ടിലേയും മെഗാ ടൂറിസം പ്രോജക്ടുകൾ
10. DMC-കൾ രൂപീകരിക്കുന്ന പദ്ധതികൾക്ക് പ്രത്യേക ധനസഹായം
11. ടൂറിസ്റ്റുകളുടെ വരവ് സംബന്ധിച്ച് ഇ-സബ്മിഷൻ
12. ഓൺലൈൻ ടൂർ ഓപ്പറേറ്റർ അക്രഡിറ്റേഷൻ
13. സി-ഫോമുകളുടെ സബ്മിഷൻ ഓൺലൈനായി
14. ഓൺലൈൻ റൂം റിസർവേഷൻ

LIBRARY ARCHIVES Kerala Legislative Assembly

15. രാജധാനി എക്സ്പ്രസ് ബ്രാന്റിംഗ്

16. പുതിയ കൊമേഴ്സ്യൽ ഫിലിമിന്റെ നിർമ്മാണം

17. പാർട്ണർഷിപ് മീറ്റുകൾ

തുടങ്ങിയ പദ്ധതികളും ടൂറിസം വകുപ്പ് നടത്തിവരുന്നു.

(ബി) അനുബന്ധമായി നൽകിയിരിക്കുന്നു*.

(സി) പുതുതായി ഏഴു കേന്ദ്രങ്ങളിൽ ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. അവ താഴെപ്പറയുന്നവയാണ്:

1. കാസർഗോഡ് ബീച്ച്

2. ഒട്ടുമ്പ്രം ബീച്ച്, മലപ്പുറം

3. പയ്യാമ്പലം ബീച്ച്, കണ്ണൂർ

4. കിഴുന്ന ബീച്ച്, കണ്ണൂർ

5. ജവഹർ ഘട്ട്, തലശ്ശേരി

6. ചാവക്കാട് ബീച്ച്, തൃശ്ശൂർ

7. കാപ്പിൽ ബീച്ച് തിരുവനന്തപുരം.

(ഡി) കണ്ണൂർ ജില്ലയിൽ കിഴുന്ന/പയ്യാമ്പലം ബീച്ചിൽ പുതുതായി ബീച്ച് ടൂറിസം പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(ഇ) ടെണ്ടർ നടപടികൾ നടന്നുവരുന്നു.

**ലോക ടൂറിസം വെബ്സൈറ്റിൽ ഇടം നേടിയ സ്ഥലങ്ങൾ**

95(303) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ലോക ടൂറിസത്തിന്റെ വെബ്സൈറ്റിൽ ഇടം നേടിയ എത്ര സ്ഥലങ്ങൾ ഉണ്ട് ; അവ ഏതെല്ലാമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) കോഴിക്കോട് ജില്ലയിലെ വടകരയിലുള്ള സാന്റ് ബാങ്കിന് ലോക ടൂറിസത്തിന്റെ വെബ്സൈറ്റിൽ ഇടം ഉണ്ടാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ ;

(സി) കേരളത്തിലെ ചെറുതും എന്നാൽ ലോക ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ സാധിക്കുന്നതുമായ സ്ഥലങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ ലോക ടൂറിസത്തിന്റെ വെബ്സൈറ്റിൽ എത്തിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly